പ്പുഴ ജില്ലകളിൽ 10 പഞ്ചായത്തുകളിൽ വീതം ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

പട്ടികജാതി ഉപദേശക സമിതി

8 (* 627)ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. സി.പി. ബാലൻ വൈദ്യർ :

ശ്രീ. എം.എ. തോമസ് :

ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി ഉപദേശക സമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(ബി) സംസ്ഥാനത്ത് പട്ടികജാതി ഉപദേശക സമിതിയുടെ ഘടന വെളിപ്പെടുത്തുമോ;

(സി) പട്ടികജാതി ഉപദേശക സമിതി യഥാസമയം യോഗം ചേരാറില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത സമിതി ഇതിനകം എത്ര യോഗങ്ങൾ ചേർന്നു എന്ന് വെളിപ്പെടുത്തുമോ;

(എഫ്)ഉപദേശകസമിതിയുടെ നിർദ്ദേശങ്ങൾ സർക്കാരിന് പ്രയോജനകരമാണെന്ന് കരുതുന്നുണ്ടോ;

(ജി) എങ്കിൽ പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തിയുള്ള എന്തൊക്കെ നിർദ്ദേശങ്ങളാണ് സമിതി മുന്നോട്ടു വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്. 3.3.2000-ലെ സ.ഉ.(കൈ) 21/2000/പജ.പവ.വിവ പ്രകാരം സംസ്ഥാന ഉപദേശക സമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ഉപദേശക സമിതിയുടെ ഘടന താഴെ പറയുംപ്രകാരമാണ്.

പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി - ചെയർമാൻ

പട്ടികജാതി വികസന ഡയറക്ടർ - കൺവീനർ

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ എം.എൽ.എ. മാരും എം.പി.മാരും, സർക്കാർ നോമിനേറ്റ് ചെയ്യുന്ന പട്ടികജാതി ക്ഷേമവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പ്രമുഖ സാമൂഹ്യ പ്രവർത്തകരും സമിതിയിലെ അനൗദ്യോഗിക അംഗങ്ങളാണ്. ഇവർക്കുപുറമേ പോലീസ് ഡയറക്ടർ ജനറൽ ഉൾപ്പെടെ വിവിധ വകുപ്പ് അദ്ധ്യക്ഷന്മാരും, ഗവൺമെന്റ് സെക്രട്ടറിമാരും സമിതിയിലെ ഔദ്യോഗിക അംഗങ്ങളാണ്.

(സി) യഥാസമയം ചേരുന്നുണ്ട്.

(ഡി) ആറുമാസത്തിലൊരിക്കൽ ഉപദേശക സമിതി കൂടുന്നതാണ്. അടുത്തയോഗം 11.4.2000-ൽ കൂടുന്നതാണ്.

1215/2010

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 29.9.1998, 19.5.1999 എന്നീ തീയതികളിലായി രണ്ടു തവണ യോഗങ്ങൾ കൂടിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) സമിതി മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

9 (*628)ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ നിയമം അനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പല തൊഴിൽ സ്ഥാപനങ്ങളിലും കുറഞ്ഞ കൂലി നൽകി പെൺകുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ തൊഴിൽ നിയമം അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകാതെ തുച്ഛമായ വേതനം നൽകുന്ന തൊഴിലുടമകളെ ശിക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തൊഴിൽ സ്ഥാപനങ്ങളിൽ തൊഴിൽ നിയമം ലംഘിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് കർശനമായ നിർദ്ദേശം നൽകുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്തെ തൊഴിൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ നിയമം അനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് കാലാകാലങ്ങളിൽ തൊഴിൽ വകുപ്പുദ്യോഗസ്ഥന്മാർ പരിശോധന നടത്തുകയും തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകാത്ത തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഇല്ല.

(സി) തൊഴിൽ നിയമം അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി കിട്ടുന്ന മുറയ്ക്ക് ക്ലെയിം പെറ്റീഷൻ സമർപ്പിച്ച് തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) നൽകിയിട്ടുണ്ട്.

---

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

(28.3.2000-ത്തിലെ ചോദ്യം 3 (622)-ന്റെ മറുപടി ദയവായി കാണുക.)

ക്രമനമ്പർ	കാറ്റഗറി	ഭൂജലവികസനത്തിന്റെ തോത്	റിമാർക്ക്
1.	വൈറ്റ്	65 ശതമാനത്തിൽ കുറവ്	ഭൂജലവികസനം തുടരുന്നതിന് നിയന്ത്രണമില്ല.
2.	ഗ്രേ	65% മുതൽ 85% വരെ	നിയന്ത്രിതതോതിൽ വികസനം നടത്താം.
3.	ഡാർക്ക്	85%-ത്തിൽ കൂടുതൽ	വികസനം പാടില്ല.

ഇതനുസരിച്ച് ചിറയിൻകീഴ് ബ്ലോക്ക് 1997-ൽ ഡാർക്ക് കാറ്റഗറിയിലും കാസർഗോഡ്, മാള, കൊട്ടാരക്കര എന്നീ ബ്ലോക്കുകൾ ഗ്രേ കാറ്റഗറിയിലും എത്തിയതായി കണക്കാക്കുന്നു. മറ്റുള്ള ബ്ലോക്കുകൾ എല്ലാം വൈറ്റ് കാറ്റഗറിയിലും തുടരുന്നു.

അനുബന്ധം II

(28.3.2000-ത്തിലെ ചോദ്യം നമ്പർ 5 (*624)-ന്റെ മറുപടി ദയവായി കാണുക)

കേരളത്തിലെ തോട്ടം തൊഴിൽ മേഖലയിൽ നിലവിലുണ്ടായിരുന്നതും പുതുക്കി നിശ്ചയിച്ചതുമായ കൂലിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

തൊഴിലാളിയുടെ വിശദീകരണം	തേയില തോട്ടങ്ങൾ		കാപ്പിതോട്ടങ്ങൾ		ഏലതോട്ടങ്ങൾ		റബ്ബർ തോട്ടങ്ങൾ	
	നിലവിൽ ഉള്ള വേതനം	പുതുക്കിയ വേതനം	നിലവിൽ ഉള്ള വേതനം	പുതുക്കിയ വേതനം	നിലവിൽ ഉള്ള വേതനം	പുതുക്കിയ വേതനം	നിലവിൽ ഉള്ള വേതനം	പുതുക്കിയ വേതനം
പ്രായപൂർത്തിയായ തൊഴിലാളികളുടെ വേതനം	28.25 രൂ	34.70 രൂ	28.25 രൂ.	34.42 രൂ	28.25 രൂ.	34.72രൂ	33.29 രൂ	39.29 രൂ
പ്രായപൂർത്തിയാകാത്ത തൊഴിലാളിയുടെ വേതനം	21.19 രൂ.	26.04 രൂ	21.19 രൂ.	25.82 രൂ.	21.19 രൂ.	26.04 രൂ.	24.98 രൂ.	29.47 രൂ.

അനുബന്ധം III

(28.3.2000-ത്തിലെ ചോദ്യംനമ്പർ 8 (*627)-ന്റെ ഉത്തരം ദയവായി കാണുക)

പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി പട്ടികജാതി ക്ഷേമ ഉപദേശക സമിതി മുന്നോട്ടുവച്ചിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ.

. . . . .

1215/2010

LIBRARY ARCHIVES Kerala Legislative Assembly

1. പട്ടികജാതി-പട്ടികവർഗ്ഗ വിഹിതത്തിന്റെ സിംഹഭാഗവും ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയ സാഹചര്യത്തിൽ അവ വേണ്ടവിധത്തിൽ പ്രയോജനപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചറിയാൻ മുഖ്യമന്ത്രി ചെയർമാനും, വകുപ്പു മന്ത്രി അംഗവുമായുള്ള ഒരു റിവ്യൂ കമ്മിറ്റി രൂപീകരിക്കും.

2. പട്ടികജാതി/പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയിൽ സംസ്ഥാന ഉപദേശക സമിതി അംഗങ്ങളെ കൂടി ഉൾപ്പെടുത്തുക.

3. എയ്ഡഡ് സ്കൂളുകൾ അടക്കം സർക്കാർ ഗ്രാന്റ് ലഭിക്കുന്ന എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലും സംവരണം ഏർപ്പെടുത്തുക.

4. പ്രവേശന പരീക്ഷകളിലൂടെയുള്ള തെരഞ്ഞെടുപ്പിൽ സംവരണം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

5. അംബേദ്ക്കർ, ഐ.എച്ച്.ഡി.പി. കോളനികളിൽ പൂർത്തീകരിക്കുവാൻ ബാക്കിയുള്ള പദ്ധതികൾ പൂർത്തീകരിക്കുക.

6. പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പോലീസ് സർക്കിൾ തലത്തിൽ പ്രവർത്തിച്ചിരുന്ന കമ്മിറ്റികൾ പുനരുജ്ജീവിപ്പിക്കുക.

7. ആശ്രിത നിയമനത്തിന് പട്ടികവിഭാഗക്കാരെ വരുമാനപരിധിയിൽ നിന്നും ഒഴിവാക്കുക.

8. വിവാഹം/ചികിൽസാ ധനസഹായം എന്നിവ അപേക്ഷ ലഭിച്ചാലുടൻ നൽകുക.

9. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഉപദേശക സമിതികളിൽ പട്ടികജാതി-പട്ടികവർഗ്ഗ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുക.

10. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വികസന പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്നവർക്ക് എതിരെ നടപടികൾ സ്വീകരിക്കുക.

അനുബന്ധം IV

(28.3.2000-ത്തിലെ ചോദ്യം 16 (*635)-ന്റെ ഉത്തരം ദയവായി കാണുക.)

PRE EXAMINATION TRAINING CENTRE, THIRUVANANTHAPURAM

Year	Name of course	No.of students	No.of students passed
1996-97	BSRB	48	12
97-98	"	51	03
98-99	"	28	10
99-2000	"	18	Result not published
1996-97	Staff Selection Commission	05	02
97-98	"	08	03
98-99	"	32	08
99-2000	"	25	*

LIBRARY ARCHIVES Kerala Legislative Assembly